<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1509</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വികസന പ്രവർത്തിക്കുള്ള ഭൂമിക്ക് വേണ്ടിയുള്ള അപേക്ഷ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം വികസന പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കാനുള്ള അപേക്ഷകൾ ലഭ്യമായിട്ടുള്ളതെന്നും ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | <u>1) കേന്ദ്രസർവ്വകലാശാല</u><br><br>കാഞ്ഞങ്ങാട് മണ്ഡലത്തിൽപ്പെട്ട ഹോസ്ദുർഗ് താലൂക്കിൽ പുല്ലൂർ വില്ലേജിൽ റി.സ.നം. 514/1, 514/4 എന്നിവയിൽ ഉൾപ്പെട്ട 3.91 ഏക്കർ ഭൂമി പെരിയയിൽ സ്ഥിതി ചെയ്യുന്ന കേരള കേന്ദ്രസർവ്വകലാശാലയ്ക്ക് വേണ്ടിയാണ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിനായി അപേക്ഷ ലഭ്യമായിട്ടുണ്ട്.<br><br>ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതും, അർത്ഥനാധികാരി പ്രസ്തുത സ്ഥലം പെഗ്മാർക്ക് ചെയ്ത് സ്കെച്ച് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അലൈൻമെന്റ് സ്കെച്ചിലും പെഗ്മാർക്ക് ചെയ്ത് ലഭ്യമായിട്ടുള്ള സ്കെച്ചിലും വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നതിനാൽ ആയത് ഭേദഗതി വരുത്തി തിരികെ സമർപ്പിക്കാൻ അർത്ഥനാധികാരിയോട് നിർദ്ദേശിച്ചിട്ടുണ്ട്.<br><br><u>2)ദേശീയപാത</u><br><br>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ദേശീയപാത വികസനത്തിനായി ആകെ 10.7323 ഹെക്ടർ ഭൂമി 3ഡി വിജ്ഞാപന പ്രകാരം ഏറ്റെടുത്ത് NHAI (National Highway Authority of Inda) യ്ക്ക് കൈമാറിയിട്ടുണ്ട്.<br><br><u>3)കൃത്രിമ ജലപാത</u><br><br>കാഞ്ഞങ്ങാട് നിയമസഭ നിയോജക മണ്ഡലത്തിലെ അജാനൂർ, ബല്ല, ഹൊസ്ദുർഗ്, കാഞ്ഞങ്ങാട് എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 44.16 ഹെക്ടർ ഭൂമി കോവളം ബേക്കൽ ഉൾനാടൻ ജലഗതാഗതത്തിന്റെ വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നീലേശ്വരം പുഴയേയും, ചിത്താരി പുഴയേയും ബന്ധിപ്പിക്കുന്നതിന് കൃത്രിമ ജലപാത |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് കണ്ണൂർ ഉൾനാടൻ ജലഗതാഗത എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിക്വിസിഷൻ ലഭ്യമായിട്ടുണ്ട്.<br><br><u>4)കുശാൽ നഗർ റയിൽവേ മേൽപാലം</u><br><br>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കുശാൽ നഗർ റയിൽവേ മേൽപാലം നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സാമൂഹ്യാഘാത പഠനത്തിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽസയൻസ് കളമശ്ശേരിയെ നിയോഗിച്ചിട്ടുണ്ട്.<br><br><u>5)തീരദേശഹൈവേ</u><br><br>കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്തെ ഏറ്റെടുക്കേണ്ട ഭൂമിയുടെ പുതുക്കിയ റിക്വിസിഷനും അലൈൻമെന്റ് സ്കെച്ചും റിക്വിസിഷൻ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | വികസന പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള ഓരോ അപേക്ഷയുടെയും തൽസ്ഥിതിയും ഇനിയുള്ള നടപടിക്രമങ്ങളും അവ പൂർത്തീകരിക്കാൻ എടുക്കുന്ന സമയവും പദ്ധതികൾ തിരിച്ച് അറിയിക്കാമോ? | (ബി) | <u>കേന്ദ്രസർവ്വകലാശാല, കൃത്രിമ ജലപാത, കുശാൽ നഗർ റയിൽവേ മേൽപാലം, തീരദേശഹൈവേ</u><br><br>മേൽ പദ്ധതികളിൽ 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്.<br><br><u>ദേശീയപാത</u><br><br>കാഞ്ഞങ്ങാട് മണ്ഡലത്തിൽപ്പെട്ട 3 ഡി വിജ്ഞാപന പ്രകാരമുള്ള എല്ലാ ഭൂമിയും ഏറ്റെടുത്ത് NHAI യ്ക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ